# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്തിനാല്

## പുതിയ യെരൂശലേം

## (6)

## XIV. അതിന്റെ ആലയം

കഴിഞ്ഞ ദൂതുകളിൽ നഗരത്തെയും, അടിസ്ഥാനങ്ങളെയും, മതിലിനെയും, കവാടങ്ങളെയും, വീഥിയെയും കുറിച്ച് നാം ചിന്തിച്ചു. ഇനി നാം വേദപുസ്തകത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമായ ആലയത്തിലേക്കു വരുന്നു.

### A. സർവശക്തനായ ദൈവമായ കർത്താവും കുഞ്ഞാടും

വെളിപ്പാട് 21:22 പറയുന്നു, "അതിൽ ഞാൻ ആലയം കണ്ടില്ല, സർവശക്തനായ ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ ആലയം ആകുന്നു." പുതിയ യെരൂശലേമിൽ ആലയം ഇല്ലായിരിക്കുമെന്ന് ഈ വാക്യം വ്യക്തമായി പറയുന്നു. സർവശക്തനായ ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ ആലയമാണ്. പഴയനിയമത്തിൽ ദൈവത്തിന്റെ കൂടാരം ദൈവാലയത്തിന്റെ മുൻഗാമി, അഥവാ മുന്നോടി, ആയിരുന്നു. ദൈവത്തിന്റെ കൂടാരമായ പുതിയ യെരൂശലേം (വാ. 3) ദൈവത്തിന്റെ ആലയമായിരിക്കും. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള ദൈവാലയം ഒരു നഗരമായി വികാസം പ്രാപിക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു. നഗരത്തിന്റെ മൂന്ന് സമ അളവുകൾ സൂചിപ്പിക്കുന്നത് മുഴുവൻ നഗരവും അകത്തെ ആലയമായ അതിവിശുദ്ധസ്ഥലമായിരിക്കും എന്നാണ്. തന്മൂലം, അതിൽ ആലയം ഉണ്ടായിരിക്കുകയില്ല.

വാക്യം 22-ലെ *ആലയം* എന്നതിനുള്ള യവനപദമായ *നവോസ്* അതിവിശുദ്ധസ്ഥലവും വിശുദ്ധസ്ഥലവും ഉൾപ്പെടുന്ന പൊതുവായ ഒരു രീതിയിൽ ആലയത്തെ മുഴുവനായല്ല കുറിക്കുന്നത്. മറിച്ച്, അതിവിശുദ്ധസ്ഥലമെന്ന അകത്തെ ആലയത്തെയാണ്

കുറിക്കുന്നത്. ഈ അകത്തെ ആലയം സർവശക്തനായ ദൈവമായ കർത്താവും കുഞ്ഞാടും ആണ്; നാം സേവിക്കുന്ന സ്ഥലം ദൈവവും കുഞ്ഞാടുമായിരിക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു. ദൈവത്തിന്റെ കൂടാരമെന്ന നിലയിൽ വിശുദ്ധനഗരം ദൈവത്തിനു വസിക്കുവാനും, ആലയമെന്ന നിലയിൽ ദൈവവും കുഞ്ഞാടും നമുക്കു വസിക്കുവാനും ആണ്. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേം ദൈവത്തിനും മനുഷ്യനും നിത്യമായി വസിക്കുവാനുള്ള ഒരു പരസ്പര വാസസ്ഥലമായിരിക്കും.

പുതിയ യെരൂശലേം എന്ന മുഴുവൻ നഗരം അതിവിശുദ്ധസ്ഥലവും, ദൈവവും കുഞ്ഞാടും ഈ നഗരത്തിലെ ആലയവും ആണ്. ഈ രണ്ടു കാര്യങ്ങൾ നാം ഒരുമിച്ചുവച്ചാൽ, ഈ നഗരം ദൈവവും കുഞ്ഞാടുമാണെന്ന് നാം മനസ്സിലാക്കും. മുഴുവൻ നഗരവും അതിവിശുദ്ധസ്ഥലമായതുകൊണ്ടും, അകത്തെ ആലയം ദൈവവും കുഞ്ഞാടും ആയതുകൊണ്ടും നഗരം ദൈവവും കുഞ്ഞാടും ആണ്.

കൂടാതെ, മുഴുവൻ നഗരത്തെയും കൂടാരം എന്നും വിളിക്കുന്നു (വാ. 3). ഒരു ആൺകുട്ടി ഒരു മനുഷ്യന്റെ മുന്നോടിയാണെന്നപോലെ, കൂടാരം ആലയത്തിന്റെ ഒരു മുന്നോടിയാണ്. ആലയം പ്രത്യക്ഷ മാകുന്നതിനുമുമ്പ് കൂടാരം ഉണ്ട്. എന്നാൽ കൂടാരം അതിന്റെ നിറവിലേക്കു വരുമ്പോൾ അത് ആലയമായിത്തീരുന്നു. അതുകൊണ്ട്, മുഴുവൻ നഗരവും അതിവിശുദ്ധസ്ഥലമാണെന്നും, ആലയം ദൈവവും കുഞ്ഞാടും ആണെന്നും, മുഴുവൻ നഗരവും കൂടാരമാണെന്നുമുള്ള ഈ മൂന്നു കാര്യങ്ങൾ നാം നമ്മുടെ മുമ്പിൽ വച്ചുകൊള്ളണം. ഈ എല്ലാ കാര്യങ്ങളെയും നാം ഒരുമിച്ചുവച്ചാൽ, ദൈവം തന്നെയാണ് പുതിയ യെരൂശലേം എന്ന മുഴുവൻ നഗരമെന്ന് നാം കാണുന്നു.

എങ്കിലും, ഞങ്ങൾ മറ്റൊരിടത്ത് ചൂണ്ടിക്കാണിച്ചിട്ടുള്ള തുപോലെ, പുതിയ യെരൂശലേം എന്ന മുഴുവൻ നഗരവും ദൈവത്തിന്റെ എല്ലാ വീണ്ടെടുക്കപ്പെട്ടവരുമടങ്ങുന്ന ജീവനുള്ള ഒരു സംരചനയുമാണ്. ഒരുവശത്ത്, മുഴുവൻ നഗരവും ദൈവമാണ്; മറുവശത്ത്, നഗരം വീണ്ടെടുക്കപ്പെട്ടവരടങ്ങുന്ന ജീവനുള്ള ഒരു സംരചനയാണ്. ഇത് നിങ്ങളുടെ സ്വാഭാവിക മനസ്സുകൊണ്ട് ഗ്രഹിക്കുവാൻ നിങ്ങൾക്ക് പ്രയാസമാണെങ്കിൽ, ഞാൻ നിങ്ങളോട് ഈ ചോദ്യം ചോദിക്കട്ടെ: സഭ ഇന്ന് ക്രിസ്തു ആണെന്ന് നാം പറയുന്നില്ലേ? അത് സകല വിശ്വാസികളുമട ങ്ങുന്ന ഒരു സംരചനയാണെന്നും നാം പറയുന്നില്ലേ? ഒരുവശത്ത്, സഭ എല്ലാ വിശ്വാസികളുമടങ്ങുന്ന ഒരു സംരചനയും, മറുവശത്ത്, ക്രിസ്തു തലയും ശരീരവും ആണ്. ഇക്കാരണത്താൽ, ശരീര-ക്രിസ്തു എന്ന പ്രയോഗം നമുക്കുണ്ട്. ക്രിസ്തു തല മാത്രമല്ല, ശരീരവും

ആണെന്ന് 1 കൊരിന്ത്യർ 12:12 സൂചിപ്പിക്കുന്നു, "എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും." സഭയിലും പുതിയ യെരൂശലേമിലുമുള്ള തത്ത്വം ഒന്നുതന്നെയാണ്.

സഭ ക്രിസ്തുവിന്റെ വികാസമാണ്. ക്രിസ്തു വ്യക്തിയായ ക്രിസ്തു ആണ്, എന്നാൽ സഭ സംഘാത ക്രിസ്തു, വികാസംപ്രാപിച്ചവനും വിപുലീകരിക്കപ്പെട്ടവനുമായ ക്രിസ്തു ആണ്. അതുകൊണ്ട്, സഭ ക്രിസ്തുവിന്റെ വിപുലീകരണം, ക്രിസ്തുവിന്റെ വികാസം ആണ്. ഇതേ രീതിയിൽ, പുതിയ യെരൂശലേം ത്രിയേക ദൈവത്തിന്റെ വികാസവും വിപുലീകരണവും ആണ്.

തങ്ങൾക്ക് അനുഭവം ഇല്ലാത്തതുകൊണ്ട് മതപരമായ നിരവധി ആളുകൾ ഇങ്ങനെയുള്ള ഒരു പ്രസ്താവനയോട് യോജിക്കുകയില്ല. നാം ദൈവത്തിലേക്കുള്ള പരിണാമം പഠിപ്പിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ചിലർ നമ്മെ ദുഷിക്കുകപോലും ചെയ്യുന്നു. ദൂഷണപരമായ ഈ കുറ്റാരോപണത്തെ നാം തള്ളിക്കളയുന്നുവെങ്കിലും, നാം ദൈവത്തിന്റെ വിപുലീകരണവും ദൈവത്തിന്റെ വികാസവുമാണെന്ന് നാം പറയുന്നു. ഇന്ന് നമ്മെ എതിർക്കുകയും നമ്മെ വിമർശിക്കുകയും ചെയ്യുന്നവർ തികഞ്ഞവരാക്കപ്പെട്ടശേഷം പറയും, "സഹോദരൻ ലീ, നീ ശരിയായിരുന്നു. നിന്നെ എതിർത്തതിനാൽ ഞങ്ങൾ ക്ഷമചോദിക്കുന്നു. ഞങ്ങൾ കൃപയുടെ യുഗത്തിലായിരുന്നപ്പോൾ, ഞങ്ങൾക്ക് അനുഭവം ഉണ്ടായിരുന്നില്ല. ഇക്കാരണത്താൽ, ഞങ്ങൾ നിന്നെ എതിർക്കുവാൻതക്കവണ്ണം അത്രമാത്രം വിഡ്ഢികളായിരുന്നു. എന്നാൽ രാജ്യയുഗത്തിന്റെ സമയത്ത് ഞങ്ങൾ ഇടപെടൽപ്രാപിക്കുകയും തികഞ്ഞവരാക്കപ്പെടുകയും ചെയ്തു. ഇപ്പോൾ നാം നിത്യതയിൽ ഒരുമിച്ചായിരിക്കുന്നതിനാൽ, നിന്നോട് നിരന്നുകൊള്ളുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു, ഞങ്ങളോടു ക്ഷമിക്കണമേ." ആരെങ്കിലും ഇങ്ങനെ പറയുമെങ്കിൽ, കൃപയുടെ യുഗത്തിൽ വച്ചുതന്നെ ഞാൻ ക്ഷമിച്ചുവെന്ന് ഞാൻ അവരോടു പറയും. വേദപുസ്തകത്തിന്റെ ആത്യന്തിക വെളിപാട് പുതിയ യെരൂശലേമിനെ ദൈവത്തിന്റെ വികാസമായി ചിത്രീകരിക്കുന്നുവെന്ന് ഇന്നല്ലെങ്കിൽ നാളെ, ഈ യുഗത്തിലോ, അടുത്ത യുഗത്തിലോ, നിത്യയിലോ നമ്മെ എതിർക്കുന്നവർക്ക് സമ്മതിക്കേണ്ടിവരും.

പുതിയ യെരൂശലേം ആലയവുമാണ്, കൂടാരവുമാണ്. ഇത് അർഥമാക്കുന്നത് പുതിയ യെരൂശലേം ദൈവത്തിന്റെ വികാസമായ ആലയം മാത്രമല്ല, പിന്നെയോ ദൈവവും കുഞ്ഞാടും, കൂടാരമെന്ന നിലയിൽ തന്നെക്കൊണ്ടുതന്നെ തന്റെ വീണ്ടെടുക്കപ്പെട്ടവരെ നിഴലിടുന്ന, കൂടാരവും ആയിരിക്കും എന്നാണ്. സ്വർഗീയ

ആലയത്തിൽ ദൈവത്തെ സേവിക്കുന്ന മഹാപുരുഷാരത്തെക്കുറിച്ച് സംസാരിച്ചുകൊണ്ട് വെളിപ്പാട് 7:15 പറയുന്നു, "ഇതു നിമിത്തം അവർ ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പാകെ ആയിരുന്ന്, അവന്റെ ആലയത്തിൽ പകലും രാവും അവനെ സേവിക്കുന്നു; സിംഹാസനത്തിൽ ഇരിക്കുന്നവൻ അവരുടെമേൽ കൂടാരമടിക്കും." തന്റെ വീണ്ടെടുക്കപ്പെട്ടവരുടെമേൽ ദൈവം തന്നെത്തന്നെ വിരിച്ചുകൊണ്ട് അവരെ നിഴലിടും. സങ്കീർത്തനം 90:1-ൽ മോശെ പറഞ്ഞു, "നീ തലമുറ തലമുറയായി ഞങ്ങളുടെ വാസസ്ഥലമായിരിക്കുന്നു." ദൈവം തന്നെയാണ് നമ്മുടെ നിത്യവാസസ്ഥലമെന്ന്, നമ്മുടെ നിത്യ നിവാസമെന്ന്, മോശെ അറിഞ്ഞിരുന്നു. സങ്കീർത്തനം 90 ഇതിന്റെ ഒരു പ്രവചനമാണ്. ഒരു സ്വർഗീയ മാളികയിൽ വസിക്കുന്നതിനെക്കുറിച്ച് ഞാൻ ചിന്തിക്കുന്നേയില്ല. ദൈവത്തിൽ വസിക്കുവാൻ, ദൈവത്തിന്റെ വികാസത്തിൽപോലും വസിക്കുവാൻ, ഞാൻ ഇഷ്ടപ്പെടുന്നു. നമുക്ക് ദൈവത്തിൽ വസിക്കുവാൻ കഴിയുമെന്ന് നമ്മുടെ സ്വാഭാവിക മനസ്സ് ഒരിക്കലും ചിന്തിക്കുകയില്ല. എന്നിരുന്നാലും, പുതിയ യെരൂശലേം എന്ന മുഴുവൻ നഗരം നമ്മുടെ നിവാസമെന്ന നിലയിൽ ദൈവംതന്നെയായിരിക്കും. ദൈവത്തിന്റെ വിപുലീകരണവും വികാസവും നമ്മുടെ നിത്യ നഗരമായിരിക്കുകയും, അതിൽ നാം നിത്യതയോളം വസിക്കുകയും ചെയ്യും. ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരെല്ലാം ആലയമെന്ന നിലയിൽ ദൈവത്തിലും കുഞ്ഞാടിലും സേവിക്കുകയും വസിക്കുകയും ചെയ്യും.

പഴയനിയമത്തിലും പുതിയനിയമത്തിലും, കൂടാരം ആലയത്തിന്റെ ഒരു മുന്നോടിയായിരുന്നു. കർത്താവായ യേശു ജഡാവതാരമെടുത്തപ്പോൾ അവൻ നമ്മുടെ ഇടയിൽ കൂടാരമടിക്കുകയും (യോഹ. 1:14), അവൻ ആലയമായിരിക്കുകയും ചെയ്തു (യോഹ. 2:19-21). ഇന്ന്, സഭയാണ് ആലയം (1 കൊരി. 3:16). കൂടാരം, ആലയം എന്നീ രണ്ടു പദങ്ങൾ വേദപുസ്തകത്തിൽ ആവർത്തിച്ച് ഉപയോഗിച്ചിട്ടുണ്ട്. ഇക്കാരണത്താൽ, നമുക്ക് പുതിയ യെരൂശലേമിനെ അറിയണമെങ്കിൽ, കൂടാരത്തെയും ആലയത്തെയും സംബന്ധിച്ച് പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള എല്ലാ ഭാഗങ്ങളും നാം പഠിക്കണം. കൃത്യമായി പറഞ്ഞാൽ, കൂടാരം മുഖ്യമായും ജനത്തിന് വസിക്കുവാനുള്ളതായിരുന്നില്ല; അത് ദൈവത്തിന്റെ നിവാസത്തിനു വേണ്ടിയായിരുന്നു. ആത്യന്തികമായി, പുതിയ യെരൂശലേം ദൈവത്തിന്റെയും മനുഷ്യന്റെയും നിവാസമായിരിക്കും. അത് നിത്യ നിവാസമായിരിക്കുമെന്ന് ഇത് അർഥമാക്കുന്നു. ദൈവം നമ്മുടെ വാസസ്ഥലമായിരിക്കുകയും നാം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും.

"എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും വസിക്കും" എന്ന കർത്താവിന്റെ വചനത്തിൽ നമുക്ക് ഈ പരസ്പര

നിവാസത്തിന്റെ ഒരു ചെറുപതിപ്പുണ്ട് (യോഹ. 15:4). കർത്താവിൽ വസിക്കുകയെന്നാൽ അവനെ നമ്മുടെ ഭവനമായി, നമ്മുടെ നിവാസമായി എടുക്കുക എന്നാണർഥമാക്കുന്നത്. നമ്മുടെ ഭവനമായി നാം കർത്താവിനെ എടുക്കുമ്പോൾ അവൻ നമ്മിൽ വസിക്കുന്നു. ഈ വാസം പരസ്പരമാണ്, കാരണം നാം കർത്താവിൽ വസിക്കുകയും അവൻ നമ്മിൽ വസിക്കുകയും ചെയ്യുന്നു. നാം കർത്താവിൽ വസിക്കുവാനും അവൻ നമ്മിൽ വസിക്കുവാനുമായി വരുവാനുള്ള പുതിയ യെരൂശലേം വരെ നാം കാത്തിരിക്കേണ്ട ആവശ്യമില്ല. നിരവധി തവണ ഞാൻ സത്യമായും കർത്താവിലാണെന്നും അവൻ വാസ്തവമായും എന്നിൽ വസിക്കുകയാണെന്നും എനിക്കറിയാമെന്ന് ശക്തമായി സാക്ഷ്യപ്പെടുത്തുവാൻ എനിക്കു കഴിയും. ഈ പ്രഭാതത്തിൽപോലും ഞാൻ അവനിൽ വസിക്കുകയും അവൻ എന്നിൽ വസിക്കുകയും ചെയ്തു. ഇത് വിശദീകരിക്കുവാൻ പ്രയാസമാണെങ്കിലും ഇത് നമ്മുടെ അനുഭവത്തിൽ ഒരു വസ്തുതയാണ്. നാം അവനിൽ വസിക്കുമ്പോഴെല്ലാം അവൻ നമ്മിൽ വസിക്കുകയാണെന്ന് ഉടൻതന്നെ നമുക്ക് അനുഭവിക്കുവാൻ കഴിയുന്നുവെന്ന് നമുക്കെല്ലാവർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. "കർത്താവായ യേശുവേ, ഇപ്പോൾ ഞാൻ നിന്നിൽ വസിക്കുന്നു എന്നതിനായി ഞാൻ നിനക്ക് എത്രമാത്രം സ്തോത്രംചെയ്യുന്നു" എന്നു നിങ്ങൾ പറയുന്നുവെങ്കിൽ, അവൻ നിങ്ങളിൽ വസിക്കുന്നുവെന്ന ആഴമായ ബോധം ഉടനെതന്നെ നിങ്ങൾക്കുണ്ടായിരിക്കും. വീട്ടിലോ, ജോലിയിലോ, സ്കൂളിലോ, നിങ്ങൾ എവിടെയായിരുന്നാലും, നിങ്ങൾക്കിങ്ങനെ പറയുവാൻ കഴിയും, "കർത്താവായ യേശുവേ, ഞാൻ ഇപ്പോൾത്തന്നെ നിന്നിൽ വസിക്കുന്നു," അപ്പോൾ നിങ്ങളിൽനിന്ന് എന്തോ ഒന്ന് "ഞാൻ നിന്നിലും വസിക്കുന്നു" എന്ന് പറയും. ഇതാണ് വരുവാനുള്ള പുതിയ യെരൂശലേമിന്റെ ഒരു ചെറുപതിപ്പ്; അത് കേവലം നമുക്കും ദൈവത്തിനും കുഞ്ഞാടിനുമുള്ള ഒരു പരസ്പര വാസസ്ഥലമായിരിക്കും.

ഒരുവശത്ത്, നാം പുതിയ യെരൂശലേമായിരിക്കും; മറുവശത്ത് അത് ദൈവവും കുഞ്ഞാടും ആയിരിക്കും. ഇന്ന് സഭയോടുള്ള തത്ത്വത്തിലും അങ്ങനെ തന്നെയാണ്. ഒരുവശത്ത്, നാമാണ് സഭ, മറുവശത്ത്, സഭ ക്രിസ്തു ആണ്. പരസ്പര വാസസ്ഥലമെന്ന ഈ വിഷയം ആഴമുള്ളതും അഗാധവും ആണ്. പുതിയ നഗരം നമ്മുടെ വാസസ്ഥലമായിരിക്കുകയും, അത് ദൈവത്തിന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. ഇത് ആലയത്തിനു സമാനമാണ്, അത് ഒന്നാമത് ദൈവത്തിന്റെ വാസസ്ഥലവും, പിന്നീട് പുരോഹിതന്മാർ ദൈവത്തെ സേവിച്ച സ്ഥലവും ആയിരുന്നു. ഈ പുതിയ നഗരം ദൈവംതന്നെയായിരിക്കും. ദൈവത്തെ സേവിക്കുവാൻ നാം

ദൈവത്തിൽ വസിക്കും. നാം സേവിക്കുന്ന സാക്ഷാൽ ദൈവം ആലയമായിരിക്കുകയും, അതിൽ നാം അവനെ സേവിക്കുകയും ചെയ്യും. എത്ര അത്ഭുതകരം! ഇങ്ങനെയുള്ള ആഴമേറിയ രീതിയിൽ നമുക്കെല്ലാവർക്കും അവനെ അനുഭവമാക്കാം.

## XV. അതിന്റെ വെളിച്ചം

വാക്യം 23 പറയുന്നു, "നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു." സഹസ്രാബ്ദത്തിൽ സൂര്യന്റെയും ചന്ദ്രന്റെയും വെളിച്ചം തീവ്രവൽക്കരിക്കപ്പെടും (യെശ. 30:26). എന്നാൽ പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേമിൽ സൂര്യന്റെയോ ചന്ദ്രന്റെയോ ആവശ്യമില്ല. സൂര്യനും ചന്ദ്രനും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ഉണ്ടായിരിക്കുമെങ്കിലും പുതിയ യെരൂശലേമിൽ അതിന്റെ ആവശ്യം ഉണ്ടായിരിക്കുകയില്ല; അവിടെ ദിവ്യവെളിച്ചമായ ദൈവം അത്യന്തം ശോഭയോടെ പ്രകാശിക്കും.

നഗരത്തിന്റെ ആലയം ദൈവംതന്നെയാണ്, വെളിച്ചവും ദൈവം തന്നെയാണ്. ദൈവവും കുഞ്ഞാടുമൊഴികെ ഈ നഗരത്തിൽ മറ്റു യാതൊന്നുമില്ല. പുതിയ യെരൂശലേമിൽ ദൈവമാണ് സകലവും.

ദിവ്യവെളിച്ചത്തിന്റെ ആവിഷ്കാരമായ ദൈവതേജസ്സിനാൽ നഗരത്തെ പ്രകാശിപ്പിക്കുവാൻ വെളിച്ചമായ ദൈവത്തോടുകൂടെ വിളക്കായ കുഞ്ഞാട് പ്രകാശിക്കുന്നു. ഇങ്ങനെയുള്ള ഒരു ദിവ്യവെളിച്ചം വിശുദ്ധനഗരത്തെ പ്രകാശിപ്പിക്കും എന്നുള്ളതിനാൽ, ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതോ മനുഷ്യനിർമ്മിതമോ ആയ മറ്റു യാതൊരു വെളിച്ചത്തിന്റെയും ആവശ്യം അതിനില്ല (22:5). പ്രകൃതിദത്തമായ വെളിച്ചത്തിന്റെ യാതൊരു ആവശ്യവും അവിടെ ഉണ്ടായിരിക്കുകയില്ല. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും സൂര്യനും ചന്ദ്രനും ഉണ്ടായിരിക്കുമെങ്കിലും, നമ്മുടെ വാസസ്ഥലം അവയെക്കാൾ വളരെയേറെ ശോഭയുള്ളതായിരിക്കും എന്നതുകൊണ്ട് അവ രണ്ടിന്റെയും ആവശ്യം നമുക്ക് ഉണ്ടായിരിക്കുകയില്ല. മനുഷ്യനിർമ്മിത വെളിച്ചത്തിന്റെയും ആവശ്യമുണ്ടായിരിക്കുകയില്ല. വിശുദ്ധ നഗരത്തിലെ വെളിച്ചം ദൈവംതന്നെ ആയിരിക്കും. സഭയിൽ ക്രിസ്തു വെളിച്ചമായതുകൊണ്ട്, ഇന്ന് സഭാജീവിതത്തിലും അങ്ങനെ തന്നെയാണ്.

ക്രിസ്തു എന്ന കുഞ്ഞാട് വിളക്കാണെന്ന് വാക്യം 23 പറയുന്നു. ദൈവം വെളിച്ചവും, ക്രിസ്തു വിളക്കുമാണ്. വെളിച്ചത്തിന് വെളിച്ചവാഹകനെ ആവശ്യമാണ്. നാം ഒരിക്കലും ക്രിസ്തുവിനെ ദൈവത്തിൽനിന്നോ, ദൈവത്തെ ക്രിസ്തുവിൽനിന്നോ വേർപിരിക്കരുത്. വാസ്തവത്തിൽ, ദൈവവും ക്രിസ്തുവും ഒരു

വെളിച്ചമാണ്. ദൈവം ഉള്ളടക്കവും, ക്രിസ്തു ആവിഷ്കാരമായ വെളിച്ചവാഹകനും ആണ്. ഇത് പരമ്പരാഗതമായ പഠിപ്പിക്കലിൽനിന്നും വ്യത്യസ്തമായി ത്രിയേക ദൈവത്തെക്കുറിച്ചുള്ള ഒരു പരിജ്ഞാനം നമുക്കു നല്കുന്നു. ഈ വാക്യം ദൈവത്തെ വെളിച്ചമായും, പുത്രനായ ക്രിസ്തുവിനെ വിളക്കായും വിവരിക്കുന്നു. വെളിച്ചം വിളക്കിന്റെ ഉള്ളടക്കമായിരിക്കുവാനും വിളക്കിലൂടെ ആവിഷ്കരിക്കപ്പെടുവാനും വിളക്കിലാണെന്നപോലെ, പിതാവായ ദൈവം പുത്രനിലൂടെ ആവിഷ്കരിക്കപ്പെടുവാൻ പുത്രനിലാണ്.

Thu പുതിയ യെരൂശലേമിൽ രാത്രി ഇല്ല: "ഇനി രാത്രി ഉണ്ടാകയില്ല" (22:5). പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും അപ്പോഴും പകലും രാത്രിയും തമ്മിലുള്ള വ്യത്യാസം ഉണ്ടായിരിക്കും, എന്നാൽ പുതിയ യെരൂശലേമിൽ അങ്ങനെയുള്ള വ്യത്യാസം ഉണ്ടായിരിക്കുകയില്ല. നഗരത്തിനു പുറത്ത് രാത്രി ഉണ്ടായിരിക്കും, എന്നാൽ നഗരത്തിനുള്ളിൽ നമുക്ക് ദൈവംതന്നെയായ നിത്യമായ ദിവ്യവെളിച്ചം ഉള്ളതുകൊണ്ട് രാത്രി ഉണ്ടായിരിക്കുകയില്ല.

വാക്യം 24 പറയുന്നു, "രാഷ്ട്രങ്ങൾ അതിന്റെ വെളിച്ചത്താൽ നടക്കും." സഹസ്രാബ്ദത്തിൽ ചന്ദ്രന്റെ പ്രകാശം സൂര്യന്റെ പ്രകാശം പോലെയായിരിക്കുകയും, സൂര്യന്റെ പ്രകാശം ഏഴിരട്ടി തീവ്രമാക്കപ്പെട്ടിരിക്കുകയും ചെയ്യും (യെശ. 30:26). പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും സൂര്യന്റെ പ്രകാശം ഇതിനെക്കാൾ ശോഭയുള്ളതായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാലും, രാഷ്ട്രങ്ങൾ നഗരത്തിന്റെ വെളിച്ചത്തിൽ നടക്കുമെന്ന് വാക്യം 24 പറയുന്നു. നഗരത്തിലുള്ള വെളിച്ചം പ്രകൃതിദത്തമായ വെളിച്ചത്തേക്കാൾ ശക്തിയുള്ളതായിരിക്കുമെന്ന് ഇതു തെളിയിക്കുന്നു. ദൈവം നഗരത്തിലൂടെ പ്രകാശിക്കുകയും, ഈ പ്രകാശം ചന്ദ്രനെക്കാളും സൂര്യനെക്കാളും കൂടുതൽ ശോഭയുള്ളതായിരിക്കുകയും ചെയ്യും. വാസ്തവത്തിൽ, രാഷ്ട്രങ്ങൾക്ക് സൂര്യപ്രകാശത്തിലോ ചന്ദ്രപ്രകാശത്തിലോ നടക്കേണ്ട ആവശ്യമില്ല, കാരണം അവർ പുതിയ യെരൂശലേമിന്റെ പ്രകാശത്തിലായിരിക്കും നടക്കുന്നത്.

സഭ ഇന്ന് ഇങ്ങനെയുള്ള ഒരു പ്രകാശിക്കുന്ന വെളിച്ചമായിരിക്കുകയും, നമ്മുടെ എല്ലാ അയൽവാസികളും നാം പ്രകാശിക്കുന്നതിന്റെ വെളിച്ചത്തിൽ നടക്കുകയും വേണം. ഇന്ന് ഈ തലമുറയ്ക്ക് വെളിച്ചം പ്രകാശിക്കുന്നവനായ ക്രിസ്തുവിനെ വഹിക്കുന്ന പ്രകാശവാഹിനിയാണ് സഭ. നാം ഇങ്ങനെ പ്രകാശിക്കുന്ന ഒരു സഭയായിരിക്കണം. ക്രിസ്തുമതത്തിൽ അല്പംമാത്രം പ്രകാശിക്കലേയുള്ളൂ എന്നു പറയുന്നതിൽ എനിക്കു ദുഃഖമുണ്ട്. പ്രകാശത്തിന്റെ ഈ അഭാവം നിമിത്തം അക്രൈസ്തവരിൽനിന്നും ക്രിസ്ത്യാനികളെ തിരിച്ചറിയുവാൻ പ്രയാസമാണ്. സഭാജനത്തോടുകൂടെ ഒരു വ്യത്യാസം, മനുഷ്യനിർമ്മിത

പദവികളുടെ വ്യത്യാസമല്ല, പിന്നെയോ നമ്മുടെ പ്രകാശിക്കൽ നിമിത്തമുള്ള ഒരു വ്യത്യാസം, ഉണ്ടായിരിക്കണം. നമ്മുടെ വെളിച്ചത്തിൽ ജാതികൾ നടക്കത്തക്കവണ്ണം നാം പ്രകാശിക്കണം.

## XVI. അതിന്റെ തേജസ്സ്

10, 11 വാക്യങ്ങളിൽ നമുക്ക് പുതിയ യെരൂശലേമിന്റെ തേജസ്സിന്റെ ഒരു വിവരണമുണ്ട്, "...ദൈവതേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു. അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടികസ്വച്ഛമായ സൂര്യകാന്തം പോലെ, ആയിരുന്നു." ദൈവത്തിന്റെ തേജസ്സ് എന്നത് ദൈവത്തിന്റെ ആവിഷ്കാരം, അഥവാ ആവിഷ്കരിക്കപ്പെട്ട ദൈവം ആണ്. ദൈവം വെളിപ്പെടുമ്പോൾ, അതാണ് തേജസ്സ്. നാം ഈ തേജസ്സിനുവേണ്ടി നിയോഗിക്കപ്പെടുകയും, ഈ തേജസ്സിലേക്ക് വിളിക്കപ്പെടുകയും ചെയ്തിരിക്കുന്നു (1 കൊരി. 2:7; 1 പത്രൊ. 5:10; 1 തെസ്സ. 2:12). നാം ഈ തേജസ്സിലേക്ക് രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു (2 കൊരി. 3:18); നാം അതിലേക്കു കൊണ്ടുവരപ്പെടും (എബ്രാ. 2:10). ആത്യന്തികമായി, പുതിയ യെരൂശലേമിൽ ദൈവത്തിന്റെ ആവിഷ്കാരത്തിനുവേണ്ടി ദൈവതേജസ്സ് വഹിക്കുവാൻ നാം ക്രിസ്തുവിനോടുകൂടെ തേജസ്കരിക്കപ്പെടും (റോമ. 8:17, 30).

വാക്യം 11-ലെ *വെളിച്ചം* എന്നതിനുള്ള യവനപദം വിവർത്തനം ചെയ്തിരിക്കുന്നത് "ജ്യോതിസ്സ്" അഥവാ "വെളിച്ചവാഹിനി" എന്ന് അർഥമാക്കുന്നു. ഇന്ന് വെളിച്ചത്തിന്റെ മക്കളെന്ന നിലയിൽ വിശ്വാസികൾ (എഫെ. 5:8) വക്രവും വിടകവുമായ തലമുറയുടെ നടുവിൽ പ്രകാശിക്കുന്ന (ഫിലി. 2:14-15) ലോകത്തിന്റെ വെളിച്ചമാണ് (മത്താ. 5:14). ആത്യന്തികമായി, സകല വിശുദ്ധന്മാരുടെയും സംരചനയായ പുതിയ യെരൂശലേം ചുറ്റുമുള്ള രാഷ്ട്രങ്ങളുടെമേൽ വെളിച്ചമായ ദൈവത്തെ പ്രകാശിപ്പിച്ചുകൊണ്ട് വെളിച്ചവാഹിനി യായിരിക്കും.

പുതിയ യെരൂശലേമിന്റെ തേജസ്സിന്റെ ശോഭ ഏറ്റവും വിലയേറിയ കല്ലുപോലെയാണ്. ഈ വിലയേറിയ കല്ല് വെളിച്ചമല്ല, വെളിച്ചവാഹിനിയാണ്. അതിൽത്തന്നെ അതിന് വെളിച്ചമില്ല, എന്നാൽ ദൈവംതന്നെയായ വെളിച്ചം അതിലേക്ക് പണിതുചേർക്കപ്പെടുകയും അതിലൂടെ പ്രകാശിക്കുകയും ചെയ്യുന്നു. ഇത് സൂചിപ്പിക്കുന്നത്, വരാനിരിക്കുന്ന പുതിയ യെരൂശലേമിന്റെ ഒരു ഭാഗമെന്ന നിലയിൽ, നാം ദൈവത്തിന്റെ ആവിഷ്കാരമായി പ്രകാശിക്കുവാനുള്ള വെളിച്ചവാഹിനിയായിരിക്കേണ്ടതിന്, പ്രകാശിക്കുന്ന വെളിച്ചമായി നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കപ്പെട്ട ദൈവത്താൽ വിലയേറിയ കല്ലുകളായി നാം രൂപാന്തരപ്പെടണം എന്നാണ്.

## XVII. അതിന്റെ ദൃഷ്ടിഭാവം

നഗരത്തിന്റെ ദൃഷ്ടിഭാവം "സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു" (വാ. 11). സൂര്യകാന്തം ദൈവത്തിന്റെ ദൃഷ്ടിഭാവമാണ് (4:3). പുതിയ യെരൂശലേമിന്റെ വെളിച്ചം സൂര്യകാന്തക്കല്ലുപോലെയാണ്; അവളുടെ പ്രകാശിക്കലിനാൽ ദൈവത്തെ ആവിഷ്ക്കരിക്കുന്നതിന് ദൈവത്തിന്റെ ദൃഷ്ടിഭാവം വഹിക്കുന്നു.

പുതിയ യെരൂശലേം എന്ന നഗരം മുഴുവനും ദൈവമാണ്. വെളിച്ചം ദൈവമാണ്, അതിന്റെ തേജസ്സ് ദൈവത്തിന്റെ ആവിഷ്കാരമാണ്, അതിന്റെ ദൃഷ്ടിഭാവം രാഷ്ട്രങ്ങൾക്കു വെളിപ്പെട്ടിരിക്കുന്ന ദൈവംതന്നെയും ആണ്. ഇത് അത്ഭുതകരമാണ്. ഇവയെല്ലാം ഇന്ന് സഭാജീവിതത്തിൽ കാണപ്പെടണം. സഭ ദൈവത്തിന്റെ ആലയമാണ്. സഭയിൽ ദൈവംതന്നെയാണ് നമ്മുടെ വാസസ്ഥലം; നമ്മുടെ സകല അയൽവാസികൾക്കും നമ്മിലൂടെ പ്രകാശിക്കുന്ന വെളിച്ചവും അവനാണ്; അത് സഭയുടെ തേജസ്സും ദൃഷ്ടിഭാവവും ആണ്. ഇതാണ് സഭാജീവിതം.